"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പട്ടികജാതി പട്ടികവർഗ വികസന വകുപ്പ് - ജീവനക്കാര്യം-ശ്രീ.രാഹുൽ.എൻ.എ- യുടെ ട്രെയിനിംഗ് ഇൻസ്ട്രക്ടർ (ഡ്രൈവർ കം മെക്കാനിക്) തസ്തികയിലെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പ്**

സ.ഉ.(സാധാ) നം.256/2024/SCSTD തീയതി,തിരുവനന്തപുരം, 05-04-2024

---

പരാമർശം:- പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 24-02-2024 തീയതിയിലെ SCDD/1091/2024-B3(ESTT B)(1) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പട്ടികജാതി വികസന വകുപ്പിൽ ട്രെയിനിംഗ് ഇൻസ്ട്രക്ടർ (ഡ്രൈവർ കം മെക്കാനിക്) തസ്തികയിൽ 24.01.2018 പൂർവ്വാഹ്നത്തിൽ ജോലിയിൽ പ്രവേശിച്ച ശ്രീ.രാഹുൽ.എൻ.എ-യുടെ പ്രൊബേഷൻ കാലയളവ് 23.01.2020 അപരാഹ്നത്തിൽ പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ 02.04.2022 ൽ അവസാനിച്ച വകുപ്പ് തല പരീക്ഷയിലാണ് പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിനാവശ്യമായ Kerala Service Rules Paper I (Lower) പരീക്ഷ വിജയിക്കുവാൻ ടിയാന് കഴിഞ്ഞിട്ടുള്ളത്. ടിയാളുടെ പ്രൊബേഷൻ കാലയളവ് 24.01.2020 പൂർവ്വാഹ്നം മുതൽ 23.01.2021 അപരാഹ്നം വരെ ഒരു വർഷത്തേയ്ക്ക് നിയമനാധികാരി തലത്തിൽ ദീർഘിപ്പിച്ചു നൽകിയിട്ടുള്ള സാഹചര്യത്തിൽ ശ്രീ.രാഹുൽ.എൻ.എ-യുടെ ട്രെയിനിംഗ് ഇൻസ്ട്രക്ടർ(ഡ്രൈവർ കം മെക്കാനിക്) തസ്തികയിലെ പ്രൊബേഷൻ കാലയളവ് 24.01.2021 മുതൽ വകുപ്പ് തല പരീക്ഷ അവസാനിച്ചതിന്റെ തൊട്ടടുത്ത ദിവസമായ 03.04.2022 അപരാഹ്നം വരെ ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശ പ്രകാരം ഡയറക്ടർ അഭ്യർഥിച്ചു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. പട്ടികജാതി വികസന വകുപ്പിന് കീഴിൽ ഉത്തരമേഖല ട്രെയിനിംഗ് ഇൻസ്പെക്ടറുടെ പരിധിയിൽ വരുന്ന വരവൂർ ഗവ.ഐ.ടി.ഐ യിൽ ട്രെയിനിംഗ് ഇൻസ്ട്രക്ടർ (ഡ്രൈവർ കം മെക്കാനിക്) തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.രാഹുൽ.എൻ.എ-യുടെ പ്രസ്തുത തസ്തികയിലെ പ്രൊബേഷൻ കാലയളവ്, വകുപ്പ് തല പരീക്ഷ അവസാനിച്ചതിന്റെ തൊട്ട് അടുത്ത ദിവസമായ 03.04.2022 അപരാഹ്നത്തിൽ പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിക്കുവാൻ സാധിക്കത്തക്ക വിധത്തിൽ 24.01.2021 മുതൽ 04.04.2022 വരെ കെ . എസ് & എസ് . എസ് . ആർ ഭാഗം II ചട്ടം 21 പ്രകാരം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പി.റ്റി.ജോയി
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം (സർവ്വീസ് ബുക്ക് സഹിതം).
ശ്രീ.രാഹുൽ.എൻ.എ, ട്രെയിനിംഗ് ഇൻസ്ട്രക്ടർ (ഡ്രൈവർ കം മെക്കാനിക്) (പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ & പി.ആർ.ഡി.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Shameem Muhammed B M
Date: 05-04-2024 12:28:44
സെക്ഷൻ ഓഫീസർ